**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2388** **07-07-2022 - ൽ മറുപടിയ്ക്ക്**

**ആഭ്യന്തര വിഭവ സമാഹരണം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അനൂപ് ജേക്കബ്** | **ശ്രീ കെ എൻ ബാലഗോപാൽ**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** |

(എ) 2019-2020, 2020-2021 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണത്തിനായി എന്തു തുകയാണ് ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നത്; ഇതിൽ ഓരോ വർഷവും എത്ര തുക വീതം പിരിച്ചെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(എ) 2019-2020, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ തനത് വരുമാനയിനങ്ങളായ തനത് നികുതി വരുമാനത്തിലൂടെയും തനത് നികുതിയേതര വരുമാനത്തിലൂടെയും ബജറ്റിൽ വിഭാവനം ചെയ്തിരുന്നതും, പിരിച്ചെടുത്തതും ആയതിന്റെ ശതമാന കണക്കും നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന തുകയുടേയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

*(തുക കോടിയിൽ)*

| സാമ്പത്തിക വർഷം | ബജറ്റിൽ വിഭാവനം ചെയ്തിരുന്ന തുക | പിരിച്ചെടുത്ത തുക | പിരിച്ചെടുത്ത തുകയുടെ ശതമാനം |
|---|---|---|---|
| 2019-20 | 80854.67 | 62588.36 | 77.41% |
| 2020-21 | 82007.01 | 54988.15 | 67.05% |
| 2022-23 | 85867.35 | - | - |

2019 - ലെ വെള്ളപ്പൊക്കം, 2020-2021 ലെ കൊറോണ വൈറസ് വ്യാപനത്തെത്തുടർന്ന് പടർന്ന് പിടിച്ച മഹാവ്യാധി എന്നിവ സംസ്ഥാനത്തിന്റെ റവന്യൂ സമാഹരണത്തേയും സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും, നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ
2. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.

3. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
4. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.
5. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.
6. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.
7. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
8. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
9. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.
10. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പ വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

(ബി) ആഭ്യന്തരവിഭവ സമാഹരണം പ്രസ്തുത രണ്ട് വർഷങ്ങളിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്നതിനേക്കാൾ എത്ര ശതമാനം കുറവു വന്നിട്ടുണ്ട് ; കുറയാനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) 2019-2020, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ തനത് വരുമാനയിനങ്ങളായ തനത് നികുതി വരുമാനത്തിലൂടെയും തനത് നികുതിയേതര വരുമാനത്തിലൂടെയും ബജറ്റിൽ വിഭാവനം ചെയ്തിരുന്നതും, പിരിച്ചെടുത്തതും ആയതിന്റെ ശതമാന കണക്കും നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന തുകയുടേയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

*(തുക കോടിയിൽ)*

| സാമ്പത്തിക വർഷം | ബജറ്റിൽ വിഭാവനം ചെയ്തിരുന്ന തുക | പിരിച്ചെടുത്ത തുക | പിരിച്ചെടുത്ത തുകയുടെ ശതമാനം |
|---|---|---|---|
| 2019-20 | 80854.67 | 62588.36 | 77.41% |
| 2020-21 | 82007.01 | 54988.15 | 67.05% |
| 2022-23 | 85867.35 | - | - |

2019 - ലെ വെള്ളപ്പൊക്കം, 2020-2021 ലെ കൊറോണ വൈറസ് വ്യാപനത്തെത്തുടർന്ന് പടർന്ന് പിടിച്ച മഹാവ്യാധി എന്നിവ സംസ്ഥാനത്തിന്റെ റവന്യൂ സമാഹരണത്തേയും സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും, നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ്

കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ
2. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.
3. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
4. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.
5. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.
6. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.
7. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
8. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
9. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.
10. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പ വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

(സി) നടപ്പുസാമ്പത്തിക വർഷം വിഭാവനം ചെയ്തിരിക്കുന്ന ആഭ്യന്തരവിഭവ സമാഹരണം എത്രയാണ്; ലക്ഷ്യം കൈവരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ?

(സി) 2019-2020, 2020-21 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ ആഭ്യന്തര വിഭവ സമാഹരണത്തിനായി സംസ്ഥാനത്തിന്റെ തനത് വരുമാനയിനങ്ങളായ തനത് നികുതി വരുമാനത്തിലൂടെയും തനത് നികുതിയേതര വരുമാനത്തിലൂടെയും ബജറ്റിൽ വിഭാവനം ചെയ്തിരുന്നതും, പിരിച്ചെടുത്തതും ആയതിന്റെ ശതമാന കണക്കും നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന തുകയുടേയും വിശദാംശം ചുവടെ പട്ടികയായി ചേർക്കുന്നു.

*(തുക കോടിയിൽ)*

| സാമ്പത്തിക വർഷം | ബജറ്റിൽ വിഭാവനം ചെയ്തിരുന്ന തുക | പിരിച്ചെടുത്ത തുക | പിരിച്ചെടുത്ത തുകയുടെ ശതമാനം |
|---|---|---|---|
| 2019-20 | 80854.67 | 62588.36 | 77.41% |
| 2020-21 | 82007.01 | 54988.15 | 67.05% |
| 2022-23 | 85867.35 | - | - |

2019 - ലെ വെള്ളപ്പൊക്കം, 2020-2021 ലെ കൊറോണ വൈറസ് വ്യാപനത്തെത്തുടർന്ന് പടർന്ന് പിടിച്ച മഹാവ്യാധി എന്നിവ സംസ്ഥാനത്തിന്റെ റവന്യൂ

സമാഹരണത്തേയും സമ്പദ് വ്യവസ്ഥയേയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

ചരക്കു സേവന നികുതി നടപ്പിലാക്കിയതോടെ സംസ്ഥാനങ്ങൾക്ക് നികുതി വർദ്ധനവിനുള്ള ഇടപെടലുകൾക്ക് പരിമിതികളും, നിയന്ത്രണങ്ങളുമുണ്ടായി. പെട്രോളിയം ഉൽപ്പന്നങ്ങൾ, മദ്യം തുടങ്ങിയ ചുരുക്കം ഇനങ്ങൾക്ക് മാത്രമാണ് സംസ്ഥാനങ്ങൾക്ക് ഇപ്പോൾ നികുതി ഏർപ്പെടുത്താൻ അധികാരമുള്ളത്. പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 12.7 ശതമാനം വളർച്ചയാണ് പ്രതീക്ഷിക്കുന്നത്. നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള നിർദ്ദേശങ്ങളും സ്വീകരിച്ചു വരുന്ന നടപടികളും ചുവടെ ചേർക്കുന്നു.

1. ഭൂരേഖകൾ കൈകാര്യം ചെയ്യുന്നതിലെ കേന്ദ്ര ഘടകമായ അടിസ്ഥാന ഭൂനികുതി പരിഷ്കരിക്കൽ
2. ഭൂമിയുടെ ന്യായവിലയിലെ അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളലും നിലവിലുള്ള ന്യായവിലയിൽ 10% ഒറ്റത്തവണ വർദ്ധനവ് നടപ്പിലാക്കലും.
3. വിവിധ നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ആകർഷകമായ ആംനസ്റ്റി സ്കീമുകൾ.
4. 2 ലക്ഷം രൂപ വരെ വിലയുള്ള മോട്ടോർ സൈക്കിളുകളുടെ ഒറ്റത്തവണ മോട്ടോർ വാഹന നികുതി 1% വർദ്ധിപ്പിക്കൽ.
5. മലിനീകരണ പ്രശ്നങ്ങൾ പരിഹരിക്കുകയും വൈദ്യുതി വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി ഡീസൽ വാഹനങ്ങൾക്ക് ഹരിത നികുതി ഏർപ്പെടുത്തൽ.
6. നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി റിട്ടേൺ സ്ക്രൂട്ടിനിയും പരിശോധനകളും ശക്തമാക്കൽ.
7. ഭൂമി രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി.
8. വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകളെ നവീകരിക്കൽ.
9. ചരക്ക് സേവന നികുതി ചോർച്ചയ്ക്ക് കാരണമായ പഴുതുകൾ പരമാവധി അടയ്ക്കുന്നതിനുള്ള നടപടികൾ.
10. സർക്കാർ ഗ്യാരണ്ടി സീലിംഗ് നിയമഭേദഗതി ചെയ്യുന്നതിലൂടെ ഈയിനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കൽ.

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ വികസനം ലക്ഷ്യമാക്കി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വിഹിതമാണ് നടപ്പ് വർഷം മൂലധന ചെലവുകൾക്കായി ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. ഇതിനു പുറമേ കിഫ്ബിയുടെ നിക്ഷേപം അടിസ്ഥാന സൗകര്യ മേഖലയെ ചലനാത്മകമാക്കും.

സെക്ഷൻ ഓഫീസർ